GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

**10th March 2015**

## കൂറുമാറ്റം : വർക്കല നഗരസഭ അദ്ധ്യക്ഷനും നാല് കൗൺസിലർമാർക്കും അയോഗ്യത

കൂറുമാറ്റ നിരോധനനിയമം ലംഘിച്ചതിന് വർക്കല മുനിസിപ്പൽ ചെയർപേഴ്സൺ സൂര്യപ്രകാശിനേയും നാല് കൗൺസിലർമാരെയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യരാക്കി.

കൗൺസിലിലെ മറ്റൊരംഗമായ എൻ. അശോകൻ സമർപ്പിച്ച ഹർജിയിലാണ് സൂര്യപ്രകാശിനു പുറമേ കോൺഗ്രസ് അംഗങ്ങളായ എ. ദാവൂദ്, പി.എസ്. വിനയകുമാരി, കെ.ജി. സുരേഷ്, എസ്. സനൂഷ് എന്നിവരെ അയോഗ്യരാക്കിയത്.

കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ നഗരസഭയിൽ യു.ഡി.എഫിനു ഭൂരിപക്ഷം ലഭിച്ചപ്പോൾ, ചെയർപേഴ്സണായി കോൺഗ്രസിലെ സൂര്യപ്രകാശ് തിരഞ്ഞടുക്കപ്പെട്ടു. പിന്നീട് പാർട്ടിയിലെ മറ്റംഗങ്ങളുടെ പരാതിയെ തുടർന്ന് ചെയർപേഴ്സൺ സ്ഥാനമൊഴിയാൻ സൂര്യപ്രകാശിനോട് പാർട്ടി നിർദ്ദേശിച്ചെങ്കിലും അദ്ദേഹം വിസമ്മതിച്ചു. തുടർന്ന് യു.ഡി.എഫ് തന്നെ സൂര്യപ്രകാശിനെതിരെ അവിശ്വാസപ്രമേയം കൊണ്ടുവന്നെങ്കിലും അദ്ദേഹവും മറ്റ് രണ്ട് കോൺഗ്രസ് അംഗങ്ങളും വോട്ടെടുപ്പിൽ നിന്ന് വിട്ടു നിന്നു. അവിശ്വാസപ്രമേയം പാസായതിനെത്തുടർന്ന് ചെയർപേഴ്സൺ സ്ഥാനത്തേയ്ക്ക് വീണ്ടും തിരഞ്ഞെടുപ്പ് നടന്നപ്പോൾ കോൺഗ്രസ് ഔദ്യോഗിക സ്ഥാനാർത്ഥിയായ എ.എ. റൗഫിനെതിരെ, വിമതകൗൺസിലർമാരുടേയും എൽ.ഡി.എഫിന്റേയും പിന്തുണയോടെ മത്സരിച്ച് സൂര്യപ്രകാശ് വീണ്ടും വിജയിക്കുകയായിരുന്നു. കോൺഗ്രസ് ടിക്കറ്റിൽ മത്സരിച്ച് ജയിച്ചശേഷം എതിർപക്ഷത്തിന്റെ പിന്തുണയോടെ ഔദ്യോഗിക സ്ഥാനാർത്ഥിക്കെതിരെ മത്സരിച്ച നടപടി കൂറുമാറ്റമാണെന്ന് വിലയിരുത്തിയ കമ്മീഷൻ സൂര്യപ്രകാശിനേയും അദ്ദേഹത്തെ പിന്തുണച്ച വിമതകൗൺസിലർമാരെയും അയോഗ്യരാക്കി. ഇവരെ തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൻ നിന്ന് ആറു വർഷത്തേയ്ക്ക് വിലക്കിയിട്ടുണ്ട്.

*(എസ്.ഇ.സി. 06/2015)*